(ബി) എങ്കിൽ കാസർഗോഡ് ജില്ലയിൽ നിന്ന് ഏതൊക്കെ റോഡുകളാണ് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളതെന്നും ഇതിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നബാർഡിന്റെ ആർ. ഐ. ഡി. എഫ്. (റൂറൽ ഇൻഫ്രാസ്ക്ട്രചർ ഡവലപ്മെന്റ് ഫണ്ട്)-ൽ നിന്നുമുള്ള ധനസഹായത്തോടെ നടപ്പിലാക്കുവാനുദ്ദേശിക്കുന്ന റോഡ് വികസന പദ്ധതിയിൽ കാസർഗോഡ് ജില്ലയിലെ കൊട്ടംകുഴി-കർമ്മംതോടി, പരപ്പ-മയ്യള, പാണ്ടി-നെല്ലിത്തട്ട്-ചെമ്പിലാങ്കി എന്നീ മൂന്നു റോഡുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതികൾ ഇപ്പോൾ ബോർഡിന്റെ പരിഗണനയിലാണ്. വനത്തിനുള്ളിൽക്കൂടി കടന്നുപോകുന്ന നിലവിലുള്ള ഈ റോഡുകളുടെ ടാറിംഗ് പ്രവർത്തനത്തിന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിസ്ഥിതി സംബന്ധമായ അനുമതി ആവശ്യമാണ്. അതിനായുള്ള ശുപാർശ കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

വനം വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ പുനരുദ്ധാരണം

6 [649] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പരിസ്ഥിതി-വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനം വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ പുനരുദ്ധാരണത്തിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) കഴിഞ്ഞ നാല് വർഷക്കാലം ഈ ഇനത്തിൽ ചെലവഴിച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ചേലക്കര നിയോജക മണ്ഡലത്തിലെ വനപ്രദേശത്തെ റോഡുകൾ പുനരുദ്ധരിക്കാൻ സർക്കാർ തുക അനുവദിച്ചിട്ടുണ്ടോ;

(ഡി) വർഷങ്ങളായി തകർന്ന് ഗതാഗത യോഗ്യമല്ലാതായിക്കിടക്കുന്ന ഇത്തരം റോഡുകൾ പുനരുദ്ധരിക്കുവാൻ പദ്ധതികൾ സമർപ്പിച്ചിട്ടും തുക അനുവദിച്ച് ഭരണാനുമതി നൽകാതിരിക്കാനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) വനംവകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ പുനരുദ്ധാരണത്തിന് പദ്ധതി-പദ്ധതിയേതര വിഹിതത്തിൽ നിന്നും ചിലവാക്കുന്ന തുക കൂടാതെ 25 കോടി രൂപ നബാർഡിന്റെ പ്രത്യേക ധനസഹായത്തോടെ ഫോറസ്റ്റ് സെക്ടറിൽ റോഡ് വികസനത്തിനുവേണ്ടി ആർ. ഐ. ഡി. എഫ്. സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി അറ്റകുറ്റപ്പണി നടത്തുന്നതിന് 30 റോഡുകളുടെ പ്രൊപ്പോസൽ നബാർഡിന് അയച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) (രൂപ ലക്ഷത്തിൽ)

ബഡ്ജറ്റ് ഹെഡ്	*2001-2002*	*2002-2003*	*2003-2004*	*2004-2005*
2406-01-070-99-നോൺ-പ്ലാൻ	1.694	10.449	5.133	6.576
4406-01-070-99-പ്ലാൻ	30.070	96.661	87.842	120.881

(സി) ഇല്ല.

(ഡി) ഫണ്ടിന്റെ അപര്യാപ്തത മൂലമാണ് റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്താൻ കഴിയാതെ പോകുന്നത്.

വിലപിടിപ്പുള്ള മരങ്ങളുടെ സംരക്ഷണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

7 [654] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പരിസ്ഥിതി-വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ചന്ദന മരങ്ങൾ ഉണ്ട് എന്നതിന്റെ കണക്ക് വനം വകുപ്പിന്റെ കൈവശമുണ്ടോ; എങ്കിൽ ഓരോ പ്രദേശത്തുമുള്ള ചന്ദനമരത്തിന്റെ എണ്ണം വ്യക്തമാക്കാമോ;

(ബി) ചന്ദനമരത്തിന്റെ സംരക്ഷണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(സി) വീട്ടി, തേക്ക് തുടങ്ങിയ വിലപിടിപ്പുള്ള മരങ്ങളുടെ ശരിയായ കണക്ക് വനം വകുപ്പ് ശേഖരിച്ചിട്ടുണ്ടോ;

(ഡി) വില പിടിപ്പുള്ള ഇത്തരം മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ നിലവിൽ ഉണ്ടോ;

(ഇ) വനം വച്ചുപിടിപ്പിക്കുന്നതിനും സോഷ്യൽ ഫോറസ്ട്രി വനവൽക്കരണ പരിപാടികൾ, സ്കൂളുകളിലെ വനം വച്ചുപിടിപ്പിക്കൽ പദ്ധതികൾ എന്നിവയ്ക്കുമായി കഴിഞ്ഞ നാലര വർഷത്തിനുള്ളിൽ സംസ്ഥാന വനം വകുപ്പ് എന്ത് തുക ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മറയൂർ വനപ്രദേശത്ത് ഫെബ്രുവരി 2005-ലെ കണക്കനുസരിച്ച് 57,846 ചന്ദനമരങ്ങൾ ഉണ്ട്. ബാക്കി സ്ഥലങ്ങളിലുള്ള ചന്ദനമരങ്ങളുടെ കണക്ക് വനംവകുപ്പ് ശേഖരിച്ചിട്ടില്ല.

(ബി) അനധികൃതമായി പ്രവർത്തിച്ചിരുന്ന 23 ചന്ദന ഫാക്ടറികൾ പൂട്ടിയിട്ടുണ്ട്. മറയൂർ ആസ്ഥാനമാക്കി ഒരു സാന്റൽ ഫോറസ്റ്റ് ഡിവിഷൻ ജൂലൈ 2005-ൽ രൂപീകരിച്ചു. നിലവിലുള്ള ജീവനക്കാർക്ക് പുറമെ മറയൂരിൽ ചന്ദനമരങ്ങളുടെ സംരക്ഷണത്തിനായി 2005 ഫെബ്രുവരി 14-ാം തീയതി മുതൽ ഒരു അസിസ്റ്റന്റ് കൺസർവേറ്റർ, 3 റേഞ്ചോഫീസർ, 10 ഫോറസ്റ്റർമാർ, 30 ഫോറസ്റ്റ് ഗാർഡുമാർ ഉൾപ്പെടുന്ന ഒരു സ്പെഷ്യൽ

LIBRARY ARCHIVES Kerala Legislative Assembly